ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക് സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിനൊരുങ്ങി രാജ്യം. 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങൾ നാളെ പോളിംഗ് ബൂത്തിലേക്ക്.

   The 89 Loksabha constituencies of the nation will go to poll on second phase of Loksabha elections tomorrow.

2. കേരളത്തിൽ 20 ലോക്സഭാ മണ്ഡലങ്ങളിലേക്ക് വോട്ടെടുപ്പിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി. വോട്ടിംഗ് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു മണിവരെ

   All 20 Loksabha constituencies of Kerala will go to poll tomorrow. Polling will commence from seven in the morning tosix in the evening

3. ബിജെപിയുടെയും കോൺഗ്രസിന്റെയും താരപ്രചാരകർ പെരുമാറ്റച്ചട്ടം ലംഘിച്ചെന്ന പരാതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻറെ നോട്ടീസ്. പാർട്ടി അദ്ധ്യക്ഷൻമാർ തിങ്കളാഴ്ച 11 മണിക്കകം വിശദീകരണം നല്കണമെന്ന് കമ്മീഷൻ.

   ElectionCommission of India has sent letters to BJP and Congress to seek response from their star campaigners on alleged model code of conduct violation by 11 AM on 29th of this month.

4. മൂന്നാംഘട്ടത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ പ്രചാരണം ഊർജ്ജിതം. മദ്ധ്യപ്രദേശിലും

ഉത്തർപ്രദേശിലും റാലികളിൽ പങ്കെടുത്ത് പ്രധാനമന്ത്രി. എസ്.പി.നേതാവ് അഖിലേഷ് യാദവ് പത്രിക സമർപ്പിച്ചു.

The campaigns gain momentum for the third phase of Loksabha elections.PM NArendra Modi addressed election rallies in Madhya Pradesh and Uttar Pradesh. SP leader Akhilesh Yadav submitted his nomination today.

5. ഐപിഎൽ-ൽ സൺറൈസേഴ്സ് ഹൈദരാബാദ്-റോയൽ ചലഞ്ചേഴ്സ് ബംഗ്ലൂരു പോരാട്ടം. ടോസ് നേടിയ ബംഗ്ലൂരുവിന് ബൗളിംഗ്.

In IPL cricket, Sunrisers Hyderabad- Royal Challengers Bengaluru match is underway. RCB chose to bowl

&&&&&&&&&&&&&&&&&&

## LS-SECOND PHASE-INTRO

ലോക് സഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാംഘട്ട വിധിയെഴുത്ത് നാളെ. കേരളത്തിലെ 20 സീറ്റുകളടക്കം 12 സംസ്ഥാനങ്ങളിലെ 88 സീറ്റുകളും ജമ്മുകശ്മീരിലെ ഒരു മണ്ഡലവുമാണ് നാളെ പോളിംഗ് ബൂത്തിലെത്തുന്നത്.

വിശദാംശങ്ങളിലേക്ക്..........

(വോയിസ്)

&&&&&&&&&&&&&&&&&&

## LS-SECOND PHASE-VOICE

അസമിലും ബിഹാറിലും അഞ്ചുവീതവും ഛത്തീസ്ഗഢിലും പശ്ചിമബംഗാളിലും മൂന്നും കർണ്ണാടകത്തിൽ 14 ഉം മദ്ധ്യപ്രദേശിൽ ഏഴും മഹാരാഷ്ട്രയിലും ഉത്തർപ്രദേശിലും എട്ടും രാജസ്ഥാനിൽ 13 ഉം ത്രിപുരയിലും മണിപ്പൂരിലും ജമ്മുകശ്മീരിലും ഓരോ

മണ്ഡലവുമാണ് നാളെ പോളിംഗ് ബൂത്തിലെത്തുക. സംസ്ഥാനത്തെ 20 മണ്ഡലങ്ങളിലും കർണ്ണാടകയിലെ പകുതിയോളം മണ്ഡലങ്ങളിലും നടക്കുന്ന പോരാട്ടമാണ് രണ്ടാം ഘട്ടത്തിൽ രാജ്യം ശ്രദ്ധയോടെ ഉറ്റു നോക്കുന്നത്. ആദ്യഘട്ടത്തിൽ പ്രതീക്ഷിച്ചത്ര പോളിംഗ് ഇല്ലാത്തത് രാഷ്ട്രീയ പാർട്ടികളെ നേരിയ തോതിൽ ആശങ്കയിലാഴ്ത്തിയിരുന്നു. ഇത് മറികടക്കാൻ അരയും തലയും മുറുക്കിയുള്ള പ്രചാരണത്തിനായിരുന്നു എല്ലാ രാഷ്ട്രീയകക്ഷികളും രണ്ടാം ഘട്ടത്തിൽ മുന്നിട്ട് ഇറങ്ങിയത്. ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ടും സജീവവുമായിരുന്നു രണ്ടാംഘട്ട പ്രചാരണം. പ്രചാരണ വിഷയങ്ങളും അജണ്ടകളും പലതവണ മാറി മറിഞ്ഞു. ദേശീയ നേതാക്കളുടെ തുടരെത്തുടരെയുള്ള വിവിധ സംസ്ഥാനങ്ങളിലെ സന്ദർശനവും കുറച്ചൊന്നുമല്ല അണികൾക്ക് ആവേശം പകർന്നത്. ഇന്നലെ പ്രചാരണത്തിൻറെ കലാശക്കൊട്ടിലും കനത്ത വീറും വാശിയും പ്രകടമായിരുന്നു. ഇന്ന് പൂർണ്ണമായും നിശബ്ദ പ്രചരണത്തിനാണ് സ്ഥാനാർത്ഥികളും നേതാക്കളും അണികളും സമയം ചെലവഴിച്ചത്. അവസാനവട്ട കണക്കുകൂട്ടലുകൾക്കും ഇന്ന് ഒരു പകൽ വേദിയായി. പരമാവധി വോട്ടർമാരെ ബൂത്തിലെത്തിക്കാനുള്ള പരിശ്രമത്തിലാകും ഇനി മുന്നണികളുടെ ശ്രമം.

ന്യൂസ് ഡസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## KERALA-POLLING-INTRO

സംസ്ഥാനത്ത് ഒരു മാസത്തിലേറെ നീണ്ട വാശിയേറിയ പ്രചാരണത്തിന് ഒടുവിലാണ് നാളെ 20 മണ്ഡലങ്ങളിലേക്ക് വോട്ടെടുപ്പ്. തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്നതിന് മുമ്പ്

തന്നെ സ്ഥാനാർത്ഥി നിർണ്ണയം പൂർത്തിയാക്കി മുന്നണികൾ പ്രചാരണത്തിലേക്ക് കടന്നിരുന്നു.

ഒരു റിപ്പോർട്ട്..............

(വോയിസ്)

&&&&&&&&&&&&&&&&&&

**KERALA-POLLING-VOICE**

2019-ൽ 19 സീറ്റുകളും നേടാനായെന്നുള്ള ആത്മവിശ്വാസവുമായാണ് യുഡിഎഫ് കളത്തിലിറങ്ങിയത്. കേന്ദ്ര സംസ്ഥാന ഭരണ വിരുദ്ധ തരംഗവും തങ്ങൾക്ക് അനുകൂലമാകുമെന്ന് ശുഭ പ്രതീക്ഷയിലാണ് യുഡിഎഫ് ക്യാമ്പ് പ്രചാരണം നയിച്ചത്. എന്നാൽ കഴിഞ്ഞ തവണ നേരിട്ട പരാജയത്തിന് പലിശ സഹിതം മറുപടി നല്കണമെന്ന് ഉറപ്പിച്ച് എൽഡിഎഫ് ആദ്യഘട്ടത്തിൽ തന്നെ പ്രചാരണത്തിൽ മുന്നേറി. ആവനാഴിയിലെ സകല ആയുധങ്ങളും ഇറക്കിയായിരുന്നു എൽഡിഎഫ് പ്രചാരണം. നരേന്ദ്രമോദി സർക്കാരിൻറെ വികസന നേട്ടങ്ങൾ എണ്ണിപറഞ്ഞ് എൻഡിഎ മുന്നണി പ്രചാരണത്തിൽ മുന്നേറ്റം നടത്തി. ദേശീയ നേതാക്കളെ സ്ഥാനാർത്ഥികളാക്കിയും തലയെടുപ്പുള്ള ദേശീയ നേതാക്കളെ കേരളത്തിലെത്തിച്ചും എൻഡിഎ തികഞ്ഞ ശുഭാപ്തി വിശ്വാസത്തിലാണ് പ്രചാരണം നയിച്ചത്. തീപാറുന്ന പോരാട്ടത്തിനാണ് മിക്ക മണ്ഡലങ്ങളും സാക്ഷിയായത്. 20 മണ്ഡലങ്ങളിലും ശക്തമായ ത്രികോണ മത്സരത്തിനാണ് സാദ്ധ്യത തുറന്നിട്ടത്. സംസ്ഥാന -കേന്ദ്രസർക്കാരുകൾക്കെതിരെയുള്ള വിമർശനം, സഹകരണ ബാങ്ക് തട്ടിപ്പ് തുടങ്ങി നിരവധി വിഷയങ്ങൾ പ്രചാരണത്തിന് അജണ്ടയായി. കൊണ്ടും കൊടുത്തും നീങ്ങിയ

പോരാട്ടം പലപ്പോഴും നേതാക്കളുടെ സമയോചിത ഇടപെടൽ കൊണ്ട് അതിരു കടന്നില്ല. അഞ്ചരലക്ഷത്തോളം കന്നിവോട്ടർമാരുൾപ്പെടെ രണ്ടു കോടി 77 ലക്ഷത്തി 49,159 വോട്ടർമാരാണ് 20 മണ്ഡലങ്ങളിലായി ജനവിധി തേടുന്ന 119 സ്ഥാനാർത്ഥികളുടെ ഭാഗധേയം നിർണ്ണയിക്കുക. രാവിലെ 7-ന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകുന്നേരം 6 മണിവരെ തുടരും.

ന്യൂസ് ഡസ്ക്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## UP-POLL RALLIES 25DAY

മൂന്നാം ഘട്ടത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ . മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് മധ്യപ്രദേശിലെ മൊറേനയിലും ഉത്തർപ്രദേശിലെ ആഗ്ര, ഷാജഹാൻപൂർ എന്നിവിടങ്ങളിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. രാജ്യത്തെ കോടികണക്കിന് പാവപ്പെട്ട ജനങ്ങൾക്ക് ജാതിമത ഭേദമന്യേ സൗജന്യ റേഷനും താമസിക്കാൻ വീടും കുടിക്കാൻ ശുദ്ധജലവും നൽകാൻ കേന്ദ്ര സർക്കാരിന് സാധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. അതേസമയം സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. കനൗജിൽ നിന്നാണ് അഖിലേഷ് യാദവ് ജനവിധി തേടുന്നത്. ആയിരക്കണക്കിന് പ്രവർത്തകരുടെ അകമ്പടിയോടെയാണ് അഖിലേഷ് യാദവ് പത്രിക സമർപ്പിക്കാൻ എത്തിയത്. ബിഎസ്പി നേതാവ് ആകാശ് ആനന്ദ് വാരാണസിയിലും കോൺഗ്രസ് വക്താവ് പവൻ ഖേദ ലക്നൗവിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## REV ECI-COMPLAINT

ബിജെപിയുടെയും കോൺഗ്രസിന്റെയും താരപ്രചാരകർ തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം ലംഘിച്ചെന്ന പരാതിയിൽ വിശദീകരണം തേടി തിരഞ്ഞെടുപ്പ് കമ്മീഷൻ. ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി.നദ്ദ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ എന്നിവർക്ക് കമ്മീഷൻ ഇതുസംബന്ധിച്ച് കത്തയച്ചു. പെരുമാറ്റച്ചട്ടം ലംഘിച്ചവരിൽ നിന്ന് ഈ മാസം 29നകം വിശദീകരണം തേടണമെന്നാണ് നോട്ടീസിൽ പറയുന്നത്. രാജസ്ഥാനിലെ ബൻസ്വാരയിൽ മുതിർന്ന ബിജെപി നേതാവ് നടത്തിയ പ്രസംഗത്തിനെതിരെ കോൺഗ്രസ്, സിപിഐഎം, സിപിഐ എന്നീ പാർട്ടികൾ പരാതി നൽകിയിരുന്നു. അതേസമയം കേരളത്തിൽ കോട്ടയത്ത് ഒരു കോൺഗ്രസ് നേതാവ് നടത്തിയ പ്രസംഗത്തിനെതിരെ ബിജെപിയും പരാതി നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

## REV. J&K- POLL PREPARATION

നാളെ വോട്ടെടുപ്പ് നടക്കുന്ന ജമ്മു കശ്മീരിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ജമ്മു ജില്ലയിൽ ജില്ല മജിസ്ട്രേറ്റ് നിരോധനജ്ഞ പുറപ്പെടുവിച്ചു. രജൗരി, പൂഞ്ച് ഭരണകൂടം മൊബൈൽ ഫോണുകളിലെ വിപിഎൻ സേവനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ

ഉത്തരവിട്ടു. മണ്ഡലത്തിലെ 17.81 ലക്ഷം വോട്ടർമാർക്കായി 2416 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ASSAM-LS POLLS

നാളെ രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന അസമിൽ പോളിങ്ങിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അസമിലെ അഞ്ച് മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ്. ഒൻപതിനായിരത്തി 133 പോളിങ് സ്റ്റേഷനുകളിലായി 77 ലക്ഷം വോട്ടർമാരാണ് സമ്മതിദാന അവകാശം വിനിയോഗിക്കുന്നത്. 61 സ്ഥാനാർത്ഥികളാണ് ഈ ഘട്ടത്തിൽ ജനവിധി തേടുന്നത്.

&&&&&&&&&&&&&&&&&&

## AAP- PROTEST

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെതിരെ കടുത്ത ഗൂഢാലോചനയാണ് ബിജെപി നടത്തുന്നതെന്ന് ആം ആദ്മി പാർട്ടിയുടെ മുതിർന്ന നേതാവും എംപിയുമായ സഞ്ജയ് സിംഗ്, ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ ആരോപിച്ചു.
അതേസമയം ഡൽഹി മദ്യനയ അഴിമതി കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ആം ആദ്മി പാർട്ടി പ്രവർത്തകർ രാജ്യതലസ്ഥാനത്ത് പ്രതിഷേധ പ്രകടനം നടത്തി.

&&&&&&&&&&&&&&&&&&

## RS - OATH

രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖർ ഇന്ന് പാർലമെൻ്റ് ഹൗസിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട രാജ്യസഭാംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ദേവേന്ദ്ര പ്രതാപ് സിംഗ്, തേജ്വീർ സിംഗ്, മഹേന്ദ്ര ഭട്ട് എന്നിവരാണ് ഇന്ന് രാജ്യസഭാ അംഗങ്ങൾ ആയി സത്യപ്രതിജ്ഞ ചെയ്തത്.

&&&&&&&&&&&&&&&&&&

## DOVAL-RUSSIA

തീവ്രവാദ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിനായി വാർത്താവിനിമയ സാങ്കേതിക വിദ്യകളും വിവരങ്ങളും ദുരുപയോഗം ചെയ്യുന്നത് തടയാൻ ഇന്ത്യ തുടർന്നും സഹകരിക്കുമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ. റഷ്യയിലെ സെയിന്റ് പീറ്റേഴ്സ്ബർഗിൽ നടന്ന സുരക്ഷാ ഉന്നത ഉദ്യോഗസ്ഥരുടെ പന്ത്രണ്ടാമത് അന്താരാഷ്ട്ര യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. വിവരങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ വിശ്വസ്തവും, സുരക്ഷിതവും, സുസ്ഥിരവുമായ ചട്ടക്കൂട് രൂപീകരിക്കണമെന്ന് അജിത് ദോവൽ പറഞ്ഞു. യോഗത്തിനിടെ ബ്രസീൽ പ്രസിഡന്റിന്റെ മുഖ്യ ഉപദേഷ്ടാവ് സെൽസോ അമോറിമുമായി ശ്രീ ദോവൽ ഉഭയകക്ഷി ചർച്ച നടത്തി.

&&&&&&&&&&&&&&&&&&

## MEA RUSSIA

റഷ്യയിൽ കുടുങ്ങിയ ഇന്ത്യൻ പൗരന്മാരെ തിരികെ എത്തിക്കാൻ എല്ലാ പരിശ്രമങ്ങളും നടത്തിവരികയാണെന്ന് വിദേശകാര്യ വക്താവ് രന്ദിർ ജയ്സ്വാൾ ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. റഷ്യൻ വിദേശകാര്യ മന്ത്രാലയവും പ്രതിരോധ മന്ത്രാലയവുമായും നിരന്തരം ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## BURKINA FASO-HUMAN RIGHTS

ബുർക്കിനോ ഫാസോയിൽ രണ്ട് ഗ്രാമങ്ങളിൽ സായുധ സേന നടത്തിയ ആക്രമണങ്ങളിൽ 223 പേർ കൊല്ലപ്പെട്ടു. ഫെബ്രുവരി 25-നും രാജ്യത്തിൻറെ വടക്കൻ ഗ്രാമങ്ങളായ നോണ്ടിൻ, സോറോ എന്നിവിടങ്ങളിൽ തീവ്രവാദികളുമായി സഹകരിച്ചെന്ന ആരോപണത്തെ തുടർന്നാണ് സേന ആക്രമണം നടത്തിയതെന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് പുറത്തിറക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. കൊല്ലപ്പെട്ടവരിൽ 56 പേർ കുട്ടികളാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

## BIHAR-FIRE TRAGEDY

ബീഹാറിൽ പട്നയ്ക്കു സമീപം ഹോട്ടലിലുണ്ടായ വൻ തീപിടിത്തത്തിൽ മൂന്നു സ്ത്രീകൾ ഉൾപ്പെടെ ആറു പേർ മരിച്ചു. പരിക്കേറ്റ 15 പേരെ പട്ന മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. പാചകം ചെയ്യുന്നതിനിടെയുണ്ടായ തീപ്പൊരി എൽപിജി ഗ്യാസ് സിലിണ്ടറുകളിലേക്ക് പടർന്നാണ് അപകടം. സമീപത്തെ നിരവധി കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു.

&&&&&&&&&&&&&&&&&&

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടുന്നു. ഹൈദരാബാദ് രാജീവ്ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ടോസ് നേടി ബംഗളൂരു ഹൈദരാബാദിനെ ബാറ്റിംഗിനയച്ചു.

&&&&&&&&&&&&&&&&&&

## SHANGHAI ARCHERY WORLD CUP

ഷാങ്ഹായ് ആർച്ചെറി വേൾഡ് കപ്പ് സ്റ്റേജ് 1 മത്സരത്തിൽ, ഇന്ത്യയുടെ തരുൺദീപ് റായ്, ധീരജ് ബൊമ്മദേവര, പ്രവീൺ ജാദവ് എന്നിവരടങ്ങിയ ടീം ഫൈനലിൽ പ്രവേശിച്ചു. ഫൈനലിൽ ഇവർ ഒളിമ്പിക് ജേതാക്കളായ ദക്ഷിണ കൊറിയയെ നേരിടും. ഇന്ത്യൻ ടീം ഇറ്റലിയെ തോൽപിചാണു ഫൈനലിൽ പ്രവേശിച്ചത്. ഞായറാഴ്ചയാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

**SENSEX**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 486 പോയിന്റ് ഉയർന്ന് 74,339 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 168 പോയിന്റ് നേട്ടത്തിൽ 22,570ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

**JK ARREST**

ജമ്മു കശ്മീരിൽ ജമ്മു ബസ് സ്റ്റാൻഡ് പ്രദേശത്ത് ലക്ഷങ്ങൾ വിലവരുന്ന ഹെറോയിനുമായി രണ്ടുപേർ പോലീസിന്റെ പിടിയിലായി. ഓപ്പറേഷൻ സഞ്ജീവനിയുടെ ഭാഗമായി ജമ്മു പോലീസ് നടത്തിയ പരിശോധനയിലാണ് 169 ഗ്രാം ഹെറോയിൻ പിടിച്ചെടുത്തത്.

&&&&&&&&&&&&&&&&&&

**CHHATTISGARH-KILLED**

ഛത്തിസ്ഗട്ടിലെ ബസ്തർ ഡിവിഷനിൽ, തോക്കിൽ നിന്ന് അബദ്ധത്തിൽ വെടിപൊട്ടി ഒരു സുരക്ഷാ ഉദ്യോഗസ്ഥൻ മരിച്ചു. ദണ്ഡേവാഡ ജില്ലയിലെ ബർസൂർ മേഖലയിൽ മാവോയിസ്റ്റ് സാന്നിധ്യം

ഉണ്ടെന്ന ഇന്റലിജൻസ് വിവരത്തെ തുടർന്ന് ജില്ലാ റിസേർവ് ഗാർഡും ബസ്റ്റർ ഫൈറ്റേഴ്സും സംയുക്തമായി തിരച്ചിൽ നടത്തുന്നതിനിടെയാണ് സംഭവം. വെടിയേറ്റ് പരിക്ക് പറ്റിയ രണ്ട് ജവാന്മാരെ ആശുപത്രിയിലേക്ക് പോകുന്ന വഴിയാണ് ഒരാൾ മരിച്ചത്.

&&&&&&&&&&&&&&&&&&

## WEATHER- PALAKKAD

പാലക്കാട് ജില്ലയിൽ മറ്റന്നാൾ വരെ ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജില്ലയിൽ താപനില 41 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ് .കൊല്ലത്തും തൃശ്ശൂരും 39 ഡിഗ്രി വരെയും, കണ്ണൂരും കോഴിക്കോടും 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&&

&&&&

&&&

&